കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാണ്ടനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി7-1034/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ: 0477-2252753
email: ddhglfalpy@gmail.com

തീയതി. 22.05.2020

ഡെപ്യൂട്ടിഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാണ്ടനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാണ്ടനാട് ഗ്രാമപഞ്ചായത്ത്-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15) റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി7-1034/2019 തീയതി: 22.05.2020

**ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-02-2019 മുതൽ 20-09-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31-03-2019 തീയതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.വി. സന്തോഷ് , ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-09-2019 മുതൽ 03-10-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.വി.കെ.രഞ്ജീവ്, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ശ്രീകാന്ത്.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ലക്ഷ്മീകാന്ത്.പി., ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.ശിവൻ കുട്ടി, ഐലാരത്തിൽ<br>01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | 1. ശ്രീമതി.പി.എം ശൈലജ (01-04-2018 മുതൽ 29-09-2018 വരെ)<br>2. ശ്രീ.കെ.വി.ഹരികുമാർ (29-09-2018 മുതൽ 31-03-2019 വരെ) |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷിഓഫീസർ | 1. അഞ്ജു ജോർജ്<br>2. രാജേന്ദ്ര പ്രസാദ്<br>3. അതിഫ പി ബി | 01/04/18 മുതൽ 07/11/18 വരെ<br>08/11/18 മുതൽ 31/12/18 വരെ<br>01/01/19 മുതൽ 31/03/19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | കല്യാണിക്കുട്ടി<br>ദീപ്തി എൻ<br>ഷിബു എം സ് | 01/04/18 മുതൽ 27/06/18 വരെ<br>28/06/18 മുതൽ 13/03/19 വരെ<br>14/03/19 മുതൽ 31/03/19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | അനശ്രീ | 01-04-2018 മുതൽ 31-03-19 വരെ |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | ഡോക്ടർചിത്ര സാബു | 01-04-2018 മുതൽ 31-03-19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോക്ടർ നിഷ<br>ഡോക്ടർ പാർവതിസി.എ<br>ഡോക്ടർ ഗിരിജ | 01-04-18 മുതൽ 3-01-19 വരെ<br>04/01/19 മുതൽ 31-01-19 വരെ<br>01/02/19 മുതൽ 31/03/19 വരെ |
| മെഡിക്കൽഓഫീസർ, ഹോമിയോ | ഡോക്ടർ രാധിക. ആർ.നായർ | 01/04/18 മുതൽ 31/03/19 വരെ |
| വെറ്റിനറി സർജൻ | ഡോക്ടർ വി.ഹരികുമാർ | 01/04/18 മുതൽ 31/03/19 വരെ |
| ഹെഡ്മിസ്ട്രസ് | പി.ഗീത | 01/04/18 മുതൽ 31/03/19 വരെ |
| വിഇഒ | തോമസ്.ടി.മാർട്ടിൻ | 01/04/18 മുതൽ 31/03/19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | റെജിമോൾ.റ്റി | 01/04/18 മുതൽ 31/03/19 വരെ |

**ഉള്ളടക്കം**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| | | ഭാഗം – 1 |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | സാംഖ്യയിൽ പണം പിൻവലിക്കൽ രേഖപ്പെടുത്തുന്നതിൽ കാലതാമസം വരുത്തുന്നു. |
| 11 | 1-11 | പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. |
| 12 | 1-12 | പാലിയേറ്റീവ് കെയർ -മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല. |
| | | |

| | | |
|---|---|---|
| 13 | 1-13 | ലൈഫ് പദ്ധതി |
| 14 | 1-14 | സ്വയം തൊഴിൽ പദ്ധതികൾക്കായി വിനിയോഗിക്കുന്ന ധനസഹായം ഫലപ്രാപ്തി കൈവരിക്കുന്നില്ല. |
| 15 | 1-15 | പ്രളയം:5മാസത്തെ വരവിനും ചെലവിനും രേഖയില്ല |
| 16 | 1-16 | ഇ ടെണ്ടർ ഫാറവില തനത് ഫണ്ടിലേക്ക് ഈടാക്കിയിട്ടില്ല |
| 17 | 1-17 | ഹോമിയോ ആശുപത്രി:3ലക്ഷം രൂപയുടെ മരുന്ന് ലഭിച്ചില്ല |
| 18 | 1-18 | ഉദ്ഘാടനം കഴിഞ്ഞിട്ടും കൃഷി ഓഫീസ് വാടക കെട്ടിടത്തിൽ |
| 19 | 1-19 | ആശ്രയ അക്കൗണ്ടിൽ വികസന ഫണ്ട് വിനിയോഗിക്കപ്പെടാതെ ശേഷിക്കുന്നു. |
| 20 | 1-20 | സർക്കാർ ഫണ്ട് 58.63 ലക്ഷം ചെലവഴിച്ചിട്ടില്ല |
| 21 | 1-21 | പ്രോജക്ടുകൾ നടപ്പാക്കിയില്ല-പശ്ചാത്തല മേഖല അവഗണിക്കപ്പെട്ടു |
| 22 | 1-22 | ഗുണഭോക്താക്കളും ഫണ്ടും ഉണ്ടായിട്ടും പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല |
| 23 | 1-23 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് -മാർഗ്ഗരേഖ ലംഘിച്ചു |
| ഭാഗം – 2 | | |
| ഇല്ല. | | |
| ഭാഗം – 3 | | |
| 24 | 3-1 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് -മാർഗ്ഗരേഖ ലംഘിച്ചു. |
| ഭാഗം – 4 | | |
| 25 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 26 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 27 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 28 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 29 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 30 | 4-6 | സ്ഥിര നിക്ഷേപം |
| 31 | 4-7 | ഓഡിറ്റ് റിക്കവറി |
| 32 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 33 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 34 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 35 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 36 | അനുബന്ധം-1 | |
| 37 | അനുബന്ധം-2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 16-03-2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പരിഷ്കരിച്ചതായി കാണുന്നില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| | | |

| | | |
|---|---|---|
| ബജറ്റ് പ്രകാരം | 50555081 | 49863000 |
| വാർഷിക കണക്ക് പ്രകാരം | 31798776 | 30928817 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 12-04-2019 | | |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6338797 |
| വരവ് | 31798776 |
| ആകെ | 38137573 |
| ചെലവ് | 30928817 |
| നീക്കിയിരിപ്പ് | 7208756 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 8641000 | 8641000 | 8606028 | 34972 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 4810000 | 4810000 | 3922748 | 887252 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 49000 | 49000 | - | 49000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 2394666 | 2394666 | 350699 | 2043967 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 2780000 | 2780000 | 2460805 | 319195 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | | 5599893 | 5599893 | 3071489 | 2528404 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 108 | 36476850 | 62 | 21068110 | 20 | 26 | 57.4 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 175273 | 347255 | 522528 | 519965 | 2563 | വാർഷിക കണക്കും |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബാങ്ക പാസ് ബുക്ക് എന്നിവ പ്രകാരം നീക്കിയിരിപ്പ് 2858/- രൂപയാണ്. 295/- രൂപയുടെ വ്യത്യാസം prior perid കണക്കിൽ ക്രമീകരിച്ചു. |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 16134000 | 16134000 | 16134000 | - | |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 35040 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 4876300 | 404 |
| വിധവാപെൻഷൻ | 4398900 | 372 |
| വാർദ്ധക്യകാലപെൻഷൻ | 12018600 | 997 |
| വികലാംഗപെൻഷൻ | 2058600 | 168 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 60000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകളുടെ പെൻഷൻ | 70400 | 361 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-09-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26877/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം:ഓഫീസ് ഉത്തരവില്ല

ഗ്രാമപഞ്ചായത്ത് ഓഫീസിലെ എല്ലാ തസ്തികകളുടേയും സെക്ഷ നകളുടേയും ജോലി നിർണയിച്ച് സമഗ്രമായ ഓഫീസ് ഉത്തരവ് നിലവിലില്ല. ഉണ്ടായിരുന്ന ഓഫീസ് ഉത്തരവ് 2018 ആഗസ്റ്റിലെ പ്രളയത്തിൽ നഷ്ടപ്പെട്ടു. പ്രളയാനന്തരം താൽക്കാലികമായി 29 ഓഫീസുത്തരവുകൾ 31.03.2019 വരെ സെക്രട്ടറി പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും സമഗ്രമായ ഓഫീസ് ഉത്തരവ് തയാറാക്കിയതായി കാണുന്നില്ല. സഫലമായ

ആഭ്യന്തര നിയന്ത്രണം കൈവരിക്കുന്നതിന് ഓഫീസുത്തരവിന്റെ അഭാവം വലിയ ന്യൂനതയായി ഓഡിറ്റ് കരുതുന്നു. ഓഫീസ് ഉത്തരവിന്റെ അഭാവത്തിൽ സെക്ഷനുകൾക്ക് ഉത്തരവാദിത്വം നിറവേറ്റുന്നതിൽ നിയമബാധ്യതയും പ്രതിബദ്ധതയും ഇല്ലാതെ പോയേക്കാം. മാത്രമല്ല ഉത്തരവില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ സേവനാവകാശ നിയമം അനുസരിച്ചുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് കിട്ടുന്നുണ്ടോ എന്നും നിർണ്ണയിക്കാൻ കഴിയുന്നില്ല.

സമഗ്രമായ ഓഫീസ് ഉത്തരവ് അടിയന്തരമായി തയാറാക്കേണ്ടതും അത് നിർവചിക്കുന്ന ഉത്തരവാദിത്വങ്ങൾ ശരിയായി നിറവേറ്റുന്നുണ്ടെന്ന് സെക്രട്ടറിയും ഗ്രാമപഞ്ചായത്ത് കമ്മറ്റിയും പൊതു ഭരണവുമായി ബന്ധപ്പെട്ട ധനകാര്യ സ്ഥിരം സമിതിയും തുടർച്ചയായി മോണിട്ടറിംഗ് നടത്തി ഉറപ്പാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ സോഷ്യൽ ഓഡിറ്റിനുള്ള സാധ്യതയും ഗ്രാമപഞ്ചായത്ത് കമ്മറ്റിക്ക് പരിഗണിക്കാവുന്നതാണ്.

പ്രോക്യൂയർമെന്റ് കമ്മറ്റി അതിന്റെ ഉത്തരവാദിത്വം നിർവഹിച്ചില്ലെന്ന് കാണുന്നു. പശ്ചാത്തലമേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹിച്ച 21 പ്രോജക്ടുകളിൽ 10 എണ്ണത്തിനും റിവൈസ്ഡ് എസ്റ്റിമേറ്റ് തയാറാക്കേണ്ടി വന്നു. (ഖണ്ഡിക 1-2). ഇത് സ്ഥിരം സമിതികളിലൂടെയും ഭരണസമിതിയിലൂടെയും നിറവേറേണ്ട ആഭ്യന്തരനിയന്ത്രണത്തിന് ചില ഇടർച്ചകൾ സംഭവിച്ചു എന്നതിന്റെ സൂചനയാണ്.

ഗാർഹികേതര നികുതി അടയ്ക്കുന്ന കെട്ടിടങ്ങളെല്ലാം ലൈസൻസ് ഫീസിന്റേയും തൊഴിൽ നികുതിയുടേയും ഭാഗമാകുന്നില്ല. തനത് വരവിൽ ചോർച്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ സഹായിക്കുന്ന സംവിധാനം നിലവിൽ ഇല്ലെന്നതും ആഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മയാണ്.

# 1-10 സാംഖ്യയിൽ പണം പിൻവലിക്കൽ രേഖപ്പെടുത്തുന്നതിൽ കാലതാമസം വരുത്തുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സാംഖ്യയിലൂടെ പണം ഇടപാടുകൾ നടത്തുന്നതിന് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (GO(MS)245/2011/LSGD). എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് പണം ഇടപാടുകൾ നടത്തുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A) 04/04/2018 ന് ബാങ്കിൽ നിന്നും നെറ്റ് ട്രാൻസ്ഫർ വഴി 10600/- രൂപ ട്രാൻസ്ഫർ ചെയ്തു നൽകിയെങ്കിലും, ടി തുക സാംഖ്യയിൽ രേഖപ്പെടുത്തിയത് മെയ് മാസം 11 നു മാത്രം.
B) ബാങ്ക് പാസ് ബുക്ക് പ്രകാരം 4 /04/2018 ന് വിവിധ അക്കൗണ്ടുകളിലേക്ക് ആയി രൂപ 3,18,014/- NEFT transfer ചെയ്തിരിക്കുന്നു. മേൽ പറഞ്ഞ തുകയുടെ ഒരു ഭാഗമായ 1,04,400/- രൂപ ദിവസം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തിയിരിക്കുന്നു. മിച്ചമുള്ള തുക 213614/- മെയ് മാസം 10 തീയതി മാത്രമേ സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.

C) 06/04/2018 ന് ബാങ്ക് പാസ് ബുക്ക് പ്രകാരം പ്രശാന്ത് S ബാബു നു രൂപ 21,000/- NEFT വഴി കൈമാറിയിരുന്നത് സംഖ്യയിൽ may 11 ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിന്റെ ദൈനംദിന പണമിടപാടുകൾ അതേ ദിവസം തന്നെ കണക്കിൽ രേഖപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ഇതിലേയ്ക്ക് ക്ഷണിക്കുന്നു.

മേൽ പറഞ്ഞ മൂന്ന് ഉദാഹരണങ്ങളും കേരളം പഞ്ചായത് രാജ് അക്കൗണ്ട് ചട്ടങ്ങൾ G.O (M.S )245 /2011 /ത സ്വ ഭ വ തീയതി 13 10 2011 ചട്ടത്തിന്റെ ലംഘനമായി കാണാം

# 1-11 പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റ് രജിസ്റ്റർ പ്രകാരം 13 വാർഡുകളിലായി, 170 ഓളം കച്ചവടക്കാരുള്ളതായി കാണുന്നു. എന്നാൽ തൻവർഷം 106 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. മതിയായ

ലൈസൻസ് കൂടാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്നുറപ്പ് വരുത്തേണ്ടതാണ്.

## 1-12 പാലിയേറ്റീവ് കെയർ -മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

പ്രോജക്റ്റ് നം. - 7/19

പ്രോജക്ടിന്റെ പേര് -പാലിയേറ്റീവ് കെയർ

നിർവഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നിർവഹണം നടത്തിയ മേൽ പ്രോജക്റ്റ് സംബന്ധിച്ച ചെലവ് രേഖകൾ പരിശോധിച്ചതിൽ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (ജി.ഒ.(ആർ.ടി.) 3217/15/ത.സ്വ.ഭ.വ./29-10-2015) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

1. മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നില്ല.

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലൊ ആവശ്യമെങ്കിൽ അതിൽ കൂടുതലോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറി കടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണെന്നും പാലിയേറ്റീവ് പരിചരണ മാർഗ്ഗ രേഖ വ്യക്തമാക്കുന്നു. പ്രസ്തുത മാർഗ്ഗരേഖയുടെ അനുബന്ധം 9 ൽ കൊടുത്തിട്ടുള്ള മാതൃകയിലുള്ള ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന -അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം ഇത് വിലയിരുത്തി രേഖാമൂലം അംഗീകരിക്കേണ്ടതുമാണെന്ന് മാർഗ്ഗരേഖയുടെ ഖണ്ഡിക 2.3ൽ വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി 2018-19 സാമ്പത്തിക വർഷത്തിൽ ഒരു തവണ (29-12-18 ൽ) മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

2 ) ഹോം കെയർ കിറ്റ്

ഹോം കെയർ കിറ്റിലേക്ക് ആവശ്യമുള്ള മരുന്നുകളുടെയും മറ്റ് സാമഗ്രികളുടെയും സ്റ്റോക് സൂക്ഷിപ്പ് ആരോഗ്യ സ്ഥാപനത്തിലെ ഫാർമസിസ്റ്റിന്റെ ചുമതലയിലാണ് ഹോം കെയർ ടീമിനാവശ്യമായ സാമഗ്രികൾ കൃത്യമായ ഇടവേളകളിൽ (ആവശ്യാനുസരണം) ഹോം കെയറിന് നേതൃത്വം നല്കുന്ന നേഴ്സിന് സബ്സ്റ്റോക്കായി നല്കേണ്ടതും അതിന്റെ സബ്സ്റ്റോക്ക് രജിസ്റ്റർ (കിട്ടിയ സാധന സാമഗ്രികളുടെ തീയതി, എവിടുന്ന് കിട്ടി, പേര്, എണ്ണം, സ്പെസിഫിക്കേഷൻ, ബാച്ച് നമ്പർ, കാലാവധി കഴിയുന്ന തീയതി ഓരോ രോഗിക്കും വിതരണം ചെയ്യുന്നതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ ) നഴ്സ് സൂക്ഷിക്കേണ്ടതുമാണ്. ഈ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം തേടി നല്കിയ ഓഡിറ്റ് എൻക്വയറി നം. 3/25.09.2019 ന് നല്കിയ വിശദീകരണത്തിൽ 2018 ആഗസ്റ്റിന് മുമ്പുള്ള രേഖകൾ പ്രളയ സമയത്ത് നഷ്ടപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. പ്രളയത്തിന് ശേഷമുള്ള കാലയളവിലും പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ മാർഗ്ഗരേഖപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

പാലിയേറ്റീവ് കെയർ മാർഗ്ഗരേഖയുടെ ഖണ്ഡിക 2.11 ൽ പറയും പ്രകാരമുള്ള മോണിട്ടറിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തദ്ദേശ സ്ഥാപനത്തിൽ വച്ച് ഓരോ മാസവും അവലോകന യോഗം സംഘടിപ്പിക്കേണ്ടതുമാണ്. യോഗത്തിൽ ആരോഗ്യമേഖലയിൽ നിന്നും തദ്ദേശ സ്ഥാപനത്തിൽ നിന്നും സന്നദ്ധമേഖലയിൽ നിന്നും പരമാവധി പ്രവർത്തകരെ സംഘടിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മുൻമാസം നടന്ന പ്രവർത്തനങ്ങളുടെ എഴുതി തയ്യാറാക്കിയ റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും നഴ്സ് അവതരിപ്പിക്കേണ്ടതാണ്. യോഗത്തിന്റെ അജണ്ട, ഹാജർ, മിനിട്സ് എന്നിവ എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# 1-13 ലൈഫ് പദ്ധതി

വി.ഇ.ഒ നിർവഹണം നടത്തിയ ലൈഫ് മിഷൻ പദ്ധതി പ്രകാരം പുതിയ ഭവന നിർമ്മാണത്തിനായി എസ്.സി, ജനറൽ വിഭാഗങ്ങളിൽ ധനസഹായം നല്കിയിട്ടുണ്ട്. എന്നാൽ എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. ഏതാനും ഗഡു കൈപ്പറ്റി ഭവനം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | ഗുണഭോക്താവിന്റെ പേര്, വാർഡ് | കൈപ്പറ്റിയ തുക |
|---|---|---|
| 40/19, പുതിയ ഭവനം, എസ്.സി.-ലൈഫ് | വാസന്തി, വെഞ്ചാൽ, വാർഡ് -17 | 200000 |
| ടി | സരോജിനി, പെരുമാലിക്കാട്ടിൽ, വാർഡ് -10 | 40000 |
| 37/19, പുതിയ ഭവന നിർമ്മാണം (ലൈഫ് മിഷൻ ) | സുശീല, ഐലാരത്തിൽ, വാർഡ് -4 | 200000 |
| ടി | വൽസല കുമാരി, വി.ജി., തുണ്ടിയിൽ, വാർഡ് -2 | 187258 |
| ടി | അമ്മുക്കുട്ടി, നടുവിലേപ്പറമ്പിൽ, വാർഡ്-2 | 40000 |

മേൽ ഗുണഭോക്താക്കൾക്ക് ആവശ്യമായ ഉപദേശം നൽകി ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

# 1-14 സ്വയം തൊഴിൽ പദ്ധതികൾക്കായി വിനിയോഗിക്കുന്ന ധനസഹായം ഫലപ്രാപ്തി കൈവരിക്കുന്നില്ല

പ്രോജക്ട് നം. -32/19

പ്രോജക്ടിന്റെ പേര്-ഭിന്നശേഷിക്കാർക്ക് പെട്ടിക്കട

നിർവഹണ ഉദ്യോഗസ്ഥൻ-ഐ.സി.ഡി.എസ്.സൂപ്പർവൈസർ

മേൽ പ്രോജക്ട് പ്രകാരം പെട്ടിക്കട നിർമ്മാണത്തിനായി 2 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ വിശദാംശം | നല്കിയ തുക | ട്രഷറി ബിൽ നം., തീയതി |
|---|---|---|
| ഷിനു.പി.ആർ, പുല്ലാം പറമ്പിൽ, വാർഡ്-2 | 30000 | 17/18-19/12-03-2019 |
| ബിജു, പുല്ലാം പറമ്പിൽ, വാർഡ്-2 | 30000 | ടി |

ധനസഹായം കൈപ്പറ്റിയ ഷിനു.പി.ആർ, പുല്ലാം പറമ്പിൽ എന്ന ഗുണഭോക്താവ് നാളിതുവരെയും പെട്ടിക്കടയിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മേൽ ഗുണഭോക്താക്കൾ പഞ്ചായത്തിൽ നിന്നും കച്ചവട ആവശ്യത്തിനായി ലൈസൻസും എടുത്തിട്ടില്ല. മതിയായ രീതിയിലുള്ള ആവശ്യകതാ നിർണയം നടത്താതെ ആനുകൂല്യവിതരണത്തിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് മൂലമാണ് ഇപ്രകാരമുള്ള അപാകതകൾ

സംഭവിക്കുന്നത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/26.09.19) നല്കിയ വിശദീകരണത്തിൽ ഷിനു.പി.ആർ, പുല്ലാം പറമ്പിൽ എന്ന ഗുണഭോക്താവ് ഉടൻ തന്നെ പെട്ടിക്കടയുടെ പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. മേൽ അപാകതയുടെ അടിസ്ഥാനത്തിൽ ഷിനു.പി.ആർ എന്ന ഗുണഭോക്താവിന് ആനുകൂല്യവിതരണത്തിനായി വിനിയോഗിച്ച 30000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

# 1-15 പ്രളയം:5മാസത്തെ വരവിനും ചെലവിനും രേഖയില്ല

2018-19 സാമ്പത്തിക വർഷത്തെ ആദ്യ 5 മാസത്തെ ഗ്രാമപഞ്ചായത്തിന്റെ വരവിനും ചെലവിനും രേഖയില്ല.

ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ യുള്ള ഗ്രാമപഞ്ചായത്തിന്റെ എല്ലായിനം വരവിന്റേയും ചെലവിന്റേയും രേഖകളാണ് ഓഡിറ്റിന് ഹാജരാക്കാത്തത്. 2018 ഓഗസ്റ്റിലെ പ്രളയത്തിൽ ഇവ നഷ്ടപ്പെട്ടതായാണ് ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം. പ്രളയം വലിയ നാശമാണ് ഗ്രാമപഞ്ചായത്ത് ഓഫീസിന് വരുത്തിയത്. പ്രളയത്തിൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ 70 ശതമാനം രേഖകളും രജിസ്റ്ററുകളും നഷ്ടപ്പെട്ടതായാണ് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. (കമ്മറ്റി തീരുമാനം നം.16, തീയതി.16.11.2018). പ്രളയത്തിൽ നഷ്ടപ്പെട്ട രേഖകളുടേയും രജിസ്റ്ററുകളുടേയും സാമാന്യ വിവരണം അടങ്ങിയ പത്രിക സെക്രട്ടറി തയാറാക്കിയിട്ടുണ്ട്. സെക്രട്ടറി തയാറാക്കിയ വിവരണം ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതായി കാണുന്നില്ല. ഇത് സർക്കാരും അംഗീകരിച്ചതിന് തെളിവില്ല. രേഖകൾ നഷ്ടപ്പെട്ടത് പെർഫോമൻസ് ഓഡിറ്റ് വിഭാഗവും സാക്ഷ്യപ്പെട്ടിട്ടില്ല.

സെക്രട്ടറി തയാറാക്കിയ വിവരണത്തിൽ നഷ്ടപ്പെട്ട രേഖകളുടെ സൂക്ഷ്മവിശദാംശങ്ങൾ ഇല്ല. അതിനാൽ 2018-19 സാമ്പത്തിക വർഷത്തെ ആദ്യത്തെ 5 മാസത്തെ എത്ര രൂപയുടെ വരവിന്റേയും ചെലവിന്റേയും രേഖകൾ നഷ്ടപ്പെട്ടു എന്ന് ഓഡിറ്റിൽ തിട്ടപ്പെടുത്താൻ ആയിട്ടില്ല. ആദ്യ 5 മാസത്തെ രേഖകൾ ഓഡിറ്റിന് സമർപ്പിക്കാത്തതിനാൽ അവ ഓഡിറ്റ് ചെയ്തിട്ടുമില്ല. അടിസ്ഥാന രേഖകൾ ഇല്ലാത്തത് തുടർന്നുള്ള മാസത്തെ വരവിന്റേയും ചെലവിന്റേയും ഓഡിറ്റ് പരിമിതപ്പെടുത്തിയിട്ടുണ്ട്.

ഈ വിഷയത്തിൽ ഓഡിറ്റ് നിർദേശങ്ങൾ താഴെ ചേർക്കുന്നു.

1. നഷ്ടപ്പെട്ട രേഖകളുടേയും രജിസ്റ്ററുകളുടേയും വിവരം ഗ്രാമപഞ്ചായത്ത് കമ്മറ്റിയും പെർഫോമൻസ് ഓഡിറ്റ് വിഭാഗവും ഭരണ വകുപ്പും അംഗീകരിച്ച് ആധികാരികമാക്കണം. വിവരം ഓഡിറ്റിനെ അറിയിക്കണം.

2. 2018 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ എത്ര രൂപയുടെ വരവ് ചെലവ് രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു എന്നതിന്റെ കൃത്യമായ വിവരണം ഓഡിറ്റിന് സമർപ്പിക്കണം.

3. പ്രളയത്തിൽ നഷ്ടപ്പെട്ട അടിസ്ഥാന രേഖകളുടെ സോഫ്റ്റ് കോപ്പി തയാറാക്കാൻ ശ്രമിക്കേണ്ടതാണ്.

# 1-16 ഇ ടെണ്ടർ ഫാറവില തനത് ഫണ്ടിലേക്ക് ഈടാക്കിയിട്ടില്ല

ഇ ടെണ്ടർ ഫാറവില 4500/- രൂപ ജില്ല പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഈടാക്കിയില്ല.

2018-19ൽ ഇ ടെണ്ടർ ചെയ്ത 3 മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോറ വിലയാണിത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരവായ തുക ടെണ്ടർ നടപടികൾ പൂർത്തിയായിട്ടും എഞ്ചിനീയറുടെ അക്കൗണ്ടിൽ കിടക്കുകയാണ്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ടെണ്ടർ ഫോറവില | ലഭിച്ച ടെണ്ടറുകൾ | ആകെ ഫോറ വില |
|---|---|---|---|---|
| 1 | പ്രോജക്ട് 66/19-മാടവ മുല്ലേലിൽ പടി റോഡ് അറ്റകുറ്റപണി | 1100 | 1 | 1100 |
| 2 | പ്രോജക്ട് 73/19-ജെബിഎസ് കീഴ്വന്മഴി അധിക സൗകര്യം | 1400 | 1 | 1400 |

| | | | | |
|---|---|---|---|---|
| 3 | പ്രോജക്ട് 112/19-നടപ്പാലം നിർമ്മാണം | 2000 | 1 | 2000 |
| | ആകെ | | | 4500 |

മുൻ വർഷങ്ങളിലെ ഇ ടെണ്ടർ ഫോറവില ഉൾപ്പെടെ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ വരവുവയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-17 ഹോമിയോ ആശുപത്രി:3ലക്ഷം രൂപയുടെ മരുന്ന് ലഭിച്ചില്ല

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് ഫണ്ട് 300000/- രൂപ ആലപ്പുഴ ഹോംകോയിൽ നിക്ഷേപിച്ചെങ്കിലും മരുന്ന് ലഭിച്ചില്ല.

ഒരു മാസത്തിനുള്ളിൽ മരുന്ന് നല്കാമെന്ന് ഹോംകോ ഫോണിൽ അറിയിച്ചതായി ഹോമിയോ മെഡിക്കൽ ഓഫീസർ ഓഡിറ്റ് അന്വേഷണ (04/25.9.19) ത്തിന് മറുപടി നല്കിയിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. മരുന്ന് ലഭിക്കുമ്പോൾ ബില്ല്, സ്റ്റോക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതേവരെ 3 ലക്ഷം രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

ചെലവിന്റെ വിവരണം

പ്രോജക്ട് 18/19-ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ

നിർവഹണം-ഹോമിയോ മെഡിക്കൽ ഓഫീസർ

ചെലവ് 3 ലക്ഷം (സംരക്ഷണ ഗ്രാന്റ് റോഡിതരം)-ബിൽ 1/18-19,8.10.18

# 1-18 ഉദ്ഘാടനം കഴിഞ്ഞിട്ടും കൃഷി ഓഫീസ് വാടക കെട്ടിടത്തിൽ

2018 ഡിസംബർ 20 നായിരുന്നു കൃഷിഭവൻ ഉത്ഘാടനം (ഉത്ഘാടനം അനൗൺസ് ചെയ്തതിന് 10000/- രൂപ ഓഡിറ്റ് വർഷം ചെലവുണ്ട്. ബിൽ 51800554/16.01.2019). 8 മാസത്തിന് ശേഷം ഓഡിറ്റിൽ പരിശോധിക്കുമ്പോഴും വാടകകെട്ടിടം ഒഴിഞ്ഞ് പുതിയ കെട്ടിടത്തിൽ കൃഷിഭവൻ പ്രവർത്തിച്ച് തുടങ്ങിയിട്ടില്ല. കൃഷിഭവൻ വൈദ്യുതീകരിക്കാത്തതാണ് വാടകകെട്ടിടം ഒഴിയാത്തതിന് കാരണം. വൈദ്യുതീകരിക്കാതെ കെട്ടിടം ഉത്ഘാടനം ചെയ്തതിനാൽ കൃഷിഭവൻ സേവനപ്രദാന ആസ്തിയായില്ല.

വർഷങ്ങളായി എൻ.എസ്.എസ് കരയോഗം കെട്ടിടത്തിലാണ് കൃഷി ഓഫീസ് വാടക നല്കി പ്രവർത്തിക്കുന്നത് (4/16 മുതൽ 3/18 വരെ വാടക കുടിശിക 11520/- രൂപ ഓഡിറ്റ് വർഷം നല്കിയിട്ടുണ്ട്. (ബിൽ 51800409/13.12.18). എം.എൽ.എ ഫണ്ട് 25 ലക്ഷം രൂപ ചെലവഴിച്ചാണ് കൃഷിഭവൻ പണിതതെന്ന് ഉത്ഘാടന നോട്ടീസിലെ വിവരണത്തിലുണ്ട്. ഇത്രയും വലിയ പദ്ധതിയിൽ വൈദ്യുതീകരണം ബാക്കിവെച്ചത് പരിശോധിക്കേണ്ടതാണ്.

കൃഷി ഓഫീസിന്റെ പ്രവർത്തനം പുതുതായി നിർമ്മിച്ച കെട്ടിടത്തിലേക്ക് മാറ്റി അനാവശ്യമായി തനത് ഫണ്ടിൽ നിന്ന് നല്കിവരുന്ന വാടക ചെലവ് ഒഴിവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-19 ആശ്രയ അക്കൗണ്ടിൽ വികസന ഫണ്ട് വിനിയോഗിക്കപ്പെടാതെ ശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ അഗതി ആശ്രയ അക്കൗണ്ടിൽ വികസനഫണ്ട് നിഷ്ക്രിയ നിക്ഷേപമാക്കി നിലനിർത്തിയിരിക്കുന്നു.

ജില്ലാ സഹകരണ ബാങ്ക് പാണ്ടനാട് ശാഖയിലെ 4045 നമ്പർ അക്കൗണ്ടിലാണ് പൊതു വിഭാഗം വികസന ഫണ്ട് 440053/- രൂപ ബാക്കി കിടക്കുന്നത്. മുൻ വർഷങ്ങളിൽ ആശ്രയ വീട് നിർമാണം, വീട് അറ്റകുറ്റപണി എന്നിവക്ക് ത്രിതല പഞ്ചായത്തിൽ നിന്നും ലഭിച്ചതാണിത് (വരവ് എവിടെ നിന്നാണെന്നത് കൃത്യമായി വിശദീകരിക്കപ്പെട്ടില്ല). ചെലവഴിക്കാത്ത വികസന ഫണ്ട് അതാത് സാമ്പത്തിക വർഷം തന്നെ തിരിച്ചടയ്ക്കണമെന്ന് നിർദേശം നിലവിലുള്ളപ്പോഴാണ് അത് ലംഘിച്ച് ലക്ഷങ്ങൾ നിഷ്ക്രിയ നിക്ഷേപമാക്കിയിരിക്കുന്നത്.

30.09.2019 ലെ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 483533/- രൂപയാണ്. ഇതിൽ കമ്പ്യൂട്ടർവത്കരണത്തിന് സംസ്ഥാന മിഷൻ നല്കിയ തുകയിൽ ചെലവഴിക്കാത്ത 43480/- രൂപ കിഴിച്ച് 440053/- രൂപ വികസന ഫണ്ടാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ കണക്ക് അനുസരിച്ച് ബാക്കി നില്ക്കുന്ന വികസന ഫണ്ട് 213029 രൂപയാണ്. മുൻ വർഷങ്ങളിൽ ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം ഒഴികെ ക്ലേശ ഘടകങ്ങൾ പരിഹരിക്കുന്നതിന് 270504/- രൂപ ചലഞ്ച് ഫണ്ട് വകമാറ്റിയതായി നീക്കിയിരിപ്പിന്റെ ഘടകങ്ങളിൽ വിശദീകരിച്ചിരിക്കുന്നു. ഇത് കഴിച്ചുള്ള തുകയാണ് വികസന ഫണ്ടായി ഗ്രാമപഞ്ചായത്ത് കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഇത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ടിന് മുൻ വർഷങ്ങളിൽ വകയിരുത്തിയ ഗ്രാമപഞ്ചായത്ത് വിഹിതം നല്കാഞ്ഞതിനാലാണോ ചലഞ്ച് ഫണ്ട് വകമാറ്റേണ്ടി വന്നതെന്നും പരിശോധിക്കേണ്ടതുണ്ട്. കൂടുതൽ വിശദീകരണം ആവശ്യമായതിനാൽ വകമാറ്റിയത് ഓഡിറ്റിൽ താല്കാലികമായി അംഗീകരിക്കുന്നില്ല.

യഥാർത്ഥത്തിൽ ഈ അക്കൗണ്ട് നിലനിർത്തുന്നത് സർക്കാർ നിർദേശത്തിന് വിരുദ്ധമാണ്. ആശ്രയ പദ്ധതി അവസാനിപ്പിച്ച് സർക്കാർ അഗതി രഹിത കേരളമായി പരിഷ്കരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അഗതിരഹിത കേരള പദ്ധതിക്ക് പുതിയ ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. അതിനാൽ അക്കൗണ്ട് ക്ലോസ് ചെയ്ത് ബാക്കി തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കേണ്ടതായിരുന്നു. ഇടപാടുകളില്ലാതെ അനാവശ്യമായി അക്കൗണ്ട് നിലനിർത്തിയിരിക്കുന്നതിനാൽ 18-19ൽ 177/- രൂപ ഇൻ ഓപ്പറേറ്റീവ് എന്ന കാരണം പറഞ്ഞ് ബാങ്ക് പിഴ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട് ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 സർക്കാർ ഫണ്ട് 58.63 ലക്ഷം ചെലവഴിച്ചിട്ടില്ല

വികസന പദ്ധതികൾക്ക് സർക്കാർ നല്കിയ വിവിധ ഫണ്ടുകളിൽ 5862790/- രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിക്കാതെ നഷ്ടപ്പെടുത്തി. വികസന പ്രവർത്തനങ്ങൾക്ക് ഓഡിറ്റ് വർഷം സർക്കാർ ഗ്രാമപഞ്ചായത്തിന് നല്കിയ ആകെ ഫണ്ടിന്റെ 24.15 ശതമാനമാണ് ഈ തുക.

വിവരണം (ഏസിആർ അടിസ്ഥാനമാക്കി തയാറാക്കിയത്):

| ക്രമ നം. | ഫണ്ട് | വരവ് | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് -ജനറൽ | 8641000 | 8606028 | 34972 | 99.59 |
| 2 | വികസന ഫണ്ട്-എസ് സിപി | 4810000 | 3922748 | 887252 | 81.55 |
| 3 | വികസന ഫണ്ട്-ടിഎസ് പി | 49000 | 0 | 49000 | 0 |
| 4 | ധനകാര്യകമ്മീഷൻ | 5599893 | 3071489 | 2528404 | 54.85 |
| 5 | സംരക്ഷണ ഗ്രാന്റ് റോഡ് | 2394666 | 350699 | 2043967 | 14.65 |
| 6 | സംരക്ഷണ ഗ്രാന്റ് റോഡിതരം | 2780000 | 2460805 | 319195 | 88.52 |
| | ആകെ | 24274559 | 18411769 | 5862790 | 75.85 |

പത്രിക വെളിവാക്കുന്ന ചില വസ്തുതകൾ

1.വിവിധ ശീർഷകങ്ങളിലായി സർക്കാർ ഗ്രാമപഞ്ചായത്തിന് 2018-19 സാമ്പത്തിക വർഷം അനുവദിച്ച ധനസഹായത്തിൽ 24.15% ചെലവഴിക്കാതെ നഷ്ടമാക്കി.

2.സംരക്ഷണഗ്രാന്റാണ് ഏറ്റവും കുറച്ച് ചെലവഴിച്ചത്-14.65%.

3.വികസന ഫണ്ട് ടി എസ് പി ചെലവഴിച്ചില്ല. അർഹരായ പട്ടികവർഗക്കാർ ഇല്ലാത്തതാണ് കാരണം.

2018 ആഗസ്റ്റിലെ പ്രളയം ഗ്രാമപഞ്ചായത്തിൽ വലിയ ദുരിതം വിതച്ചിരുന്നു. എന്നാൽ സർക്കാർ ഫണ്ടുകൾ ചെലവഴിക്കാഞ്ഞതിന് ഇത് ഒരു പ്രധാന കാരണമായി കരുതാനാവില്ല. പ്രളയശേഷം സാമ്പത്തികവർഷത്തിൽ 7 മാസം ബാക്കിയുണ്ടായിരുന്നു. അതിനാൽ പദ്ധതി ആസൂത്രണ നിർവഹണത്തിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാണ് (ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയുടെ മിനിറ്റ്സ് ഓഡിറ്റിന് സമർപ്പിച്ചില്ല. ഇവയും പ്രളയത്തിൽ നഷ്ടപ്പെട്ടതായാണ് വിശദീകരണം. ഈ രേഖകളുടെ അഭാവത്തിൽ ഈ വിഷയത്തിൽ ഓഡിറ്റ് വിശകലനങ്ങൾ സാധ്യമല്ല.)

ഓഡിറ്റ് വർഷത്തെ പദ്ധതി ചെലവ് പത്രിക അടിസ്ഥാനമാക്കുമ്പോൾ പദ്ധതി മാർഗരേഖ തുറന്നിടുന്ന നൂതന പ്രോജക്ടുകൾ, പട്ടിക വിഭാഗങ്ങൾക്കുള്ള പ്രത്യേക പ്രോജക്ടുകൾ (ഇത്തരം പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരുന്നു). ഉൾപ്പെടെ നിരവധി സാധ്യതകൾ ഗ്രാമപഞ്ചായത്ത് പരിഗണിച്ചില്ലെന്ന് വ്യക്തമാകുന്നു. പദ്ധതി ചെലവ് പരിമിതപ്പെടാൻ ഇതൊരു കാരണമാണ്.

പശ്ചാത്തലമേഖലയിൽ പ്രയോജനപ്പെടുത്തേണ്ട റോഡ് സംരക്ഷണ ഗ്രാന്റാണ് ഗ്രാമപഞ്ചായത്ത് ഏറ്റവും അധികം നഷ്ടപ്പെടുത്തിയത്. സർക്കാർ നല്കിയ ഫണ്ടിൽ 14.65 ശതമാനം മാത്രമാണ് ചെലവഴിക്കാനായത്. ഗ്രാമപഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് ആസൂത്രണം നടത്താൻ കഴിയാഞ്ഞതാണ് ഇതിന് പ്രധാന കാരണം.

സർക്കാർ ഫണ്ടുകൾ നഷ്ടപ്പെടുത്തുന്നത് മുൻവർഷങ്ങളിലും സംഭവിച്ചിരുന്നു. 2017-18-ൽ 68.83 ലക്ഷം രൂപയാണ് ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത്(2017-18 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക3-1 കാണുക). അതിനാൽ സർക്കാർ ഫണ്ടുകൾ നഷ്ടപ്പെടുത്തുന്നതിന് ആവർത്തന സ്വഭാവം കൈവരുന്നതായി കാണാം. ഫണ്ട് നഷ്ടപ്പെടുന്നത് ആവർത്തിക്കപ്പെടുന്നത് വികസന തകർച്ചക്ക് ഇടയാക്കിയേക്കും.

ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ വികസനത്തിന് സർക്കാർ നല്കുന്ന ഫണ്ട് ചെലവഴിക്കാതെ നഷ്ടപ്പെടുത്തുന്നത് വലിയ വീഴ്ചയാണ്. അതിനാൽ ഈ വിഷയത്തിന് പ്രത്യേക ഗൗരവം നല്കി ആസൂത്രണ പ്രക്രിയയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതാണ്. അടുത്ത സാമ്പത്തിക വർഷം സർക്കാർ ഫണ്ടുകൾ 100 ശതമാനവും ഫലപ്രദമായി ചെലവഴിക്കാൻ കഴിയണം. ഇതിനിടയിലും വികസന ഫണ്ട് ജനറൽ, എസ് സി പി, റോഡിതരം എന്നീ ഫണ്ടുകളിൽ ഗ്രാമപഞ്ചായത്തിന് മികച്ച ചെലവ് ശതമാനം കൈവരിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്.

# 1-21 പ്രോജക്ടുകൾ നടപ്പാക്കിയില്ല-പശ്ചാത്തല മേഖല അവഗണിക്കപ്പെട്ടു

പശ്ചാത്തല മേഖലയിൽ ഗ്രാമപഞ്ചായത്ത് 45 പ്രോജക്ടുകളാണ് 13026775/- രൂപ അടങ്കലിൽ 2018-19 ൽ അംഗീകരിച്ചത്. ഇതിൽ 21 പ്രോജക്ടുകളിലായി 4145936/- രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചത്. അംഗീകരിച്ച പ്രോജക്ടുകളിൽ 46.67% മാണ് നടപ്പാക്കാനായത്. വകയിരുത്തിയതിൽ 31.83% തുക മാത്രമാണ് ചെലവഴിക്കാനായത്.

പ്രളയാനന്തര പുനർനിർമാണത്തിന് ഗ്രാമപഞ്ചായത്തിൽ വലിയ ആവശ്യകത നിലനില്ക്കുമ്പോഴാണ് വീഴ്ച സംഭവിച്ചത്. ഗ്രാമപഞ്ചായത്തിന് സർക്കാർ ഫണ്ടുകൾ വലിയ തോതിൽ നഷ്ടപ്പെടുത്തിയതും പശ്ചാത്തലമേഖലയിലെ പദ്ധതി ആസൂത്രണനിർവ്വഹണ പരാജയമാണ്.

2017-18 പദ്ധതി വർഷവും പശ്ചാത്തലമേഖലക്ക് ഇതേ അവസ്ഥ തന്നെയായിരുന്നു. അന്ന് 64 പ്രോജക്ടുകൾ അംഗീകരിച്ചതിൽ 31 എണ്ണം മാത്രമാണ് നടപ്പാക്കാനായത്. അന്ന് വകയിരുത്തിയ തുകയിൽ 42.85% മായിരുന്നു ചെലവ് (2017-18-ലെ അസി.എഞ്ചിനീയറുടെ പദ്ധതി ചെലവ് കാണുക). ഈ കണക്കുകൾ ഗ്രാമപഞ്ചായത്തിലെ പശ്ചാത്തലമേഖലയിലെ പദ്ധതി നിർവഹണത്തിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നു എന്നതിന്റെ സൂചകമാണ്. ഒപ്പം

ഈ സ്ഥിതിവിവരങ്ങൾ ഗ്രാമപഞ്ചായത്തിലെ ആസൂത്രണപ്രക്രിയയിലെ ആന്തരദൌർബല്യങ്ങൾ കൂടിയാണ് വെളിപ്പെടുത്തുന്നത്.

ഗൗരവമായ മറ്റ് ചില അപാകങ്ങളും പശ്ചാത്തലമേഖലയിലെ പ്രോജക്ട് നിർവ്വഹണത്തിൽ നിന്ന് ഓഡിറ്റിൽ വ്യക്തമായി. അവ താഴെ വിവരിക്കുന്നു.

1.മൺപണി മാത്രം, ചെലവഴിക്കുന്ന ലക്ഷങ്ങൾഫലപ്രദമാകുന്നില്ല

മണ്ണ് നിറയ്ക്കുവാൻ വേണ്ടി മാത്രം പ്രോജക്ട് നടപ്പാക്കുന്നു. 2018-19 ൽ ഇത്തരം 4 പ്രോജക്ടുകളാണ് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയത്. 2019-20 ൽ ഇവ റോഡുകളാക്കി മാറ്റുവാൻ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ പ്രോജക്ട് ആവിഷ്കരിക്കുമ്പോഴേക്കും ഇട്ട മണ്ണ് മഴയത്ത് ഒലിച്ച് പോയിട്ടുണ്ടാകും. വീണ്ടും മണ്ണ് നിറയ്ക്കേണ്ടി വരുന്നത് ഇപ്പോഴത്തെ ചെലവ് പാഴാക്കും. വീണ്ടും മണ്ണ് വാങ്ങേണ്ടി വരുന്നത് പരിസ്ഥിതിയെ വലിയ തോതിൽ നശിപ്പിക്കുന്നതും അധിക ചെലവ് വരുത്തുന്നതുമാണ്. പ്രാദേശിക വികസനത്തിൽ ആദ്യം ഉണ്ടാകേണ്ടതാണ് പരിസ്ഥിതി വിവേകം. മണ്ണ് പണിക്ക് മാത്രമായി പ്രോജക്ട് തയാറാക്കാതെ റോഡ് പൂർണമായി പൂർത്തിയാക്കുന്ന വികസനരീതിയാണ് പാഴ്ചെലവ് ഒഴിവാക്കാൻ നല്ലത്. ഈ വസ്തുതകൾ ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ ഉൾക്കൊള്ളേണ്ടതാണ്.

| ക്രമനം. | പ്രോജക്ട് | ചെലവ് |
|---|---|---|
| 1 | 46/19-ചിറക്കുഴി കാഞ്ഞിരം റോഡ് ഫില്ലിംഗ്(വാർഡ് 11) | 196428/- രൂപ, ബിൽ 1175837/8.2.19 |
| 2 | 72/19-പുത്തേത്ത് പടി തൊണ്ടുംവാതുക്കൽ റോഡ് ഫില്ലിംഗ്(വാർഡ് 4). | 199732/- രൂപ, ബിൽ1285373/28.2.19 |
| 3 | 38/18-മേടയിൽ പടി കടമ്പാച്ചേനക്കാട് കോളനി റോഡ് ഫില്ലിംഗ് | 132725/- രൂപ, ബിൽ1383942/31.3.18 |
| 4 | 44/18-മാമൂട്ടിൽ പടി കുളത്താപ്പള്ളിൽ പടി റോഡ് ഫില്ലിംഗ് | 91436/- രൂപ, ബിൽ 127999/18.5.19 |

2.എസ്റ്റിമേറ്റ് പരിഷ്കരണം വ്യാപകം

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ 21 പ്രോജക്ടുകളിൽ 10ന്റേയും എസ്റ്റിമേറ്റ് പരിഷ്കരിച്ചതായി കാണുന്നു. ഇത് പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയാറാക്കുന്നതിന്റെ കൃത്യതയും സൂക്ഷ്മതയും സുതാര്യതയുമാണ് ചോദ്യം ചെയ്യുന്നത്. പ്രോജക്ടുകളുടെ അനുവദിക്കപ്പെട്ട നിർമ്മാണ കാലാവധി തീരുവാൻ നാളുകൾ ബാക്കി നിൽക്കെയാണ് എസ്റ്റിമേറ്റ് പരിഷ്കരിച്ചത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം |
|---|---|---|
| 1 | മൃഗാസ്പത്രി മെയിന്റനൻസ് | 19.2.19,3(3) |
| 2 | എൽ.പി സ്കൂളുകളിൽ ടോയ്ലെറ്റ് സൗകര്യം | 19.9.18,2(4) |
| 3 | ജെ.ബി സ്കൂൾ മെയിന്റനൻസ് | 19.2.19,3(3) |
| 4 | ജെ.ബി.എസ് കീഴ്വന്മഴി അധിക സൗകര്യം | 19.2.19,3(3) |
| 5 | ചിറക്കുഴി കാഞ്ഞിരം റോഡ് ഫില്ലിംഗ് | 10.1.19,4(1) |
| 6 | ഇല്ലിമല കടവ് നിർമാണം | 19.3.18,4(1) |
| 7 | കാവുപറമ്പിൽ റോഡ് കോൺക്രീറ്റ് | 10.1.19,15(1) |
| 8 | ആയുർവേദ ആശുപത്രി മെയിന്റനൻസ് | 19.2.19,3(3) |
| 9 | മുതുവഴി സാംസ്കാരിക നിലയം അറ്റകുറ്റപണി | 19.3.18,5(4) |
| 10 | വാഴത്തറപടി തോട്ടുകോണത്ത് റോഡ് കോൺക്രീറ്റ് | 10.1.19,15(1) |

പൊതുമരാമത്ത് മാനവൽ അനുസരിച്ച് അനിവാര്യമായി മാത്രമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് എന്ന് ഗ്രാമപഞ്ചായത്ത് കമ്മറ്റി ഉറപ്പ് വരുത്തേണ്ടതാണ്. ഇതിന് മാന്വലിലെ നിർദേശങ്ങൾ അനുസരിച്ച് എസ്റ്റിമേറ്റ് തയാറാക്കേണ്ടതാണ്.

3.തീരെ ചെറിയ പ്രോജക്ടുകൾ

ഓഡിറ്റ് വർഷം അംഗീകരിച്ച 44 പ്രോജക്ടുകളിൽ 7 എണ്ണം മാത്രമാണ് 4 ലക്ഷത്തിന് മുകളിൽ അടങ്കലുള്ളത്. ബാക്കി 37പ്രോജക്ടുകളുടേയും അടങ്കൽ 2 ലക്ഷമോ അതിലും താഴെയോ ആണ്. ഗ്രാമപഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് മികച്ച വലിയ പ്രോജക്ടുകൾ ആവിഷ്കരിക്കുകയാണ് വേണ്ടത്. വലിയ പ്രോജക്ടുകൾ ഇ ടെണ്ടറിലൂടെ നിർവ്വഹിക്കപ്പെടുന്ന പക്ഷം നിലവിൽ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ അനുഭവപ്പെടുന്ന കരാറുകാരുടെ നാമമാത്ര പ്രാതിനിധ്യം ഒഴിവാക്കുന്നതിനും കൂടുതൽ കരാറുകാരുടെ മത്സരാധിഷ്ഠിതമായ പ്രാതിനിധ്യം കൂടുതലായി ഉറപ്പാക്കുന്നതിനുമിടയാക്കുന്നതായിരിക്കും.

# 1-22 ഗുണഭോക്താക്കളും ഫണ്ടും ഉണ്ടായിട്ടും പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല

ഗുണഭോക്താക്കളും സർക്കാർ ഫണ്ടും ഉണ്ടായിട്ടും പ്രോജക്ടുകൾ നടപ്പാക്കിയില്ല. പട്ടികജാതി വിദ്യാർത്ഥികൾക്കും യുവാക്കൾക്കുമുള്ള പ്രോജക്ടുകളാണ് നടപ്പാക്കാഞ്ഞത്. ഇത്തരം പ്രോജക്ടുകൾക്ക് വകയിരുത്താമായിരുന്ന എസ് സി പി ഫണ്ട് 8.9 ലക്ഷം രൂപയാണ് ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത്. പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു. (ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച ഗുണഭോക്തൃപ ട്ടികയിൽ നിന്നുള്ള വിവരം.).

| ക്രമ നം. | പ്രോജക്ട് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയ എസ് സി പി ഫണ്ട് |
|---|---|---|---|
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 22 | 887252 |
| 2 | വിദ്യാഭ്യാസ സ്കോളർഷിപ്പ് | 15 | |
| 3. | വിദേശത്ത് തൊഴിൽ – ധനസഹായം | 5 | |

# 1-23 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -മാർഗ്ഗരേഖ ലംഘിച്ചു

ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകാരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനുള്ള 17/19 നം. പ്രോജക്ടിനുകീഴിൽ ആകെ 13 ഗുണഭോക്താക്കൾക്ക് ലാപ്ടോപ് വിതരണം ചെയ്തിട്ടുണ്ട്. ഒന്നിന് 29720/- രൂപ പ്രകാരം ആകെ 386360/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (ബിൽ നം. 1/24.12.2018).

2018-19 സാമ്പത്തിക വർഷത്തേക്ക് സർക്കാർ പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖ (സ.ഉ (സാധാ)22/2018/ തസ്വഭവ, 14.02.18) യിലെ ഖണ്ഡിക 7.2.8 ലെ നിർദേശങ്ങൾ പാലിച്ച് വേണം ഗ്രാമപഞ്ചായത്ത് ലാപ്ടോപ് നല്കേണ്ടത്. ഇതിന് വിരുദ്ധമായി 9 പേർക്ക് ലാപ്ടോപ് നല്കിയതായി നിർവ്വഹണോദ്യോഗസ്ഥനായ എച്ച് എം ഓഡിറ്റിന് ഹാജരാക്കിയ രേഖകളിൽ നിന്ന് വ്യക്തമാകുന്നു. വിവരങ്ങൾ താഴെ :

| ക്രമ നം. | ഗുണഭോക്താവ് | മാർഗരേഖ നിർദേശിച്ച അർഹത ലംഘിച്ചതിന്റെ വിവരം |
|---|---|---|
| 1 | ശ്രീലക്ഷ്മി.ജി | ചെങ്ങന്നൂർ ഐടിഐ ട്രെയിനി.ബിരുദ/ഡിപ്ലോമ പഠനമല്ല. |
| 2 | അഭിജിത് | ലാപ്ടോപ് നല്കിയിട്ടില്ലെന്ന് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ |

| | | |
|---|---|---|
| | പി.എം | സാക്ഷ്യപ്പെടുത്തിയിട്ടില്ല പഠനോപകരണം നല്കിയിട്ടില്ലെന്നാണ് സർട്ടിഫിക്കറ്റ്. ചെങ്ങന്നൂർ ഐടിഐ വിദ്യാർത്ഥി. ബിരുദ/ഡിപ്ലോമ പഠനമല്ല. |
| 3 | അനന്ദകുമാർ എൻ.എസ് | സ്വകാര്യ സ്ഥാപനമായ മാവേലിക്കര ഡേറ്റാടെകിന്റെ സാക്ഷ്യപത്രം. എന്ത് കോഴ്സ് എന്ന് വ്യക്തമല്ല. കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരം തെളിയിച്ചിട്ടില്ല. ബിരുദമോ ത്രിവത്സര ഡിപ്ളോമയോ എന്ന് വ്യക്തമല്ല. |
| 4 | ശ്രീജിത് പി.യു | കോഴ്സ് സർട്ടിഫിക്കറ്റില്ല. അക്ഷരതെറ്റ് നിറഞ്ഞ സാക്ഷ്യപത്രം ഒരു സർക്കാർ വിദ്യാഭ്യാസ സ്ഥാപനമേധാവിയുടേതാണെന്ന് കരുതാനാവില്ല. |
| 5 | ആതിര രാജപ്പൻ | സ്വകാര്യ സ്ഥാപനമായ എളമക്കരയിലെ അപ്പോളോ മെഡി സ്കിൽസിൽ 8 മാസത്തെ തീയറ്റർ ടെക്നിഷൻ കോഴ്സിന് പഠിക്കുന്നു. |
| 6 | അരുൺ കുമാർ എസ്.ആർ | റേഷൻ കാർഡിന്റെ പകർപ്പില്ല. |
| 7 | പ്രവീൺ എസ് | ജാതി സർട്ടിഫിക്കറ്റ് 15.10.15 ലേത്. |

മാർഗരേഖയുടെ ലംഘനം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കാൻ മുകളിൽ ചേർത്ത സബ്സിഡി മാർഗരേഖ തന്നെ നിർദേശിച്ചിട്ടുണ്ട്. ഓഡിറ്റ് ആ നിർദേശം പാലിച്ച് മുകളിൽ ചേർത്ത ആദ്യ 5 പേർക്ക് നല്കിയ ലാപ് ടോപ്പിന്റെ വില 148600/- രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി നിർണയിക്കുന്നു. നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയാണ്.

മാർഗരേഖയുടെ ലംഘനം വിവരിച്ച് നിർവഹണ ഉദ്യോഗസ്ഥക്ക് ഓഡിറ്റ് അന്വേഷണം (12/27.09.019) നല്കിയിരുന്നു. ഇതിന് മാർഗരേഖ ലംഘിച്ചിട്ടില്ലെന്ന് വ്യക്തമാക്കി നിർവഹണ ഉദ്യോഗസ്ഥ മറുപടി നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് നിഗമനം തെറ്റെന്ന് തെളിയിക്കുന്ന രേഖകൾ സമർപ്പിക്കാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

പത്രികയിലെ ക്രമനം.6, 7 ഗുണഭോക്താക്കൾ കൃത്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്. അതേവരെ അവർക്ക് നല്കിയ ലാപ്ടോപ്പിന്റെ വില ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

സബ്സിഡി മാർഗരേഖക്ക് സംസ്ഥാന കോർഡിനേഷൻ കമ്മറ്റി ചില നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു (സ.ഉ(സാധാ)2956/2018/തസ്വഭവ 21/11/2018). ഈ നിർദേശങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥ പാലിച്ചതിന് തെളിവില്ല. ഉത്തരവ് ലംഘിച്ചതിന്റെ വിവരണം താഴെ:

1.ഉത്തരവ് അനുസരിച്ച് ഐടി മിഷന്റെ മിഡ് ലെവൽ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ്ടോപ്പാണ് നല്കേണ്ടത്. വാങ്ങിയ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ ഹാജരാക്കിയിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ഒന്നും സ്പെസിഫിക്കേഷൻ ഹാജരാക്കിയതായി കാണുന്നില്ല. ഐടി മിഷൻ സ്പെസിഫിക്കേഷൻ ഉള്ള ലാപ്ടോപ്പിന്റെ വിലയാണ് സർക്കാർ അംഗീകരിച്ച 30000/- രൂപ. വാങ്ങിയ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ ലഭ്യമല്ലാത്തതിനാൽ അതിന് 29720/-രൂപ വിലയുണ്ടെന്നത് തെളിയിക്കപ്പെടുന്നില്ല. സ്പെസിഫിക്കേഷനിലെ ചെറിയ വ്യത്യാസങ്ങൾ പോലും വിലയിൽ വലിയ വ്യത്യാസം വരുത്തും.

2.ഉത്തരവ് 3 വർഷ വാറന്റി (comprehensive onsite warranty including battery &charger) നല്കണമെന്ന് നിർദേശിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ വാറന്റി രേഖകൾ അനുസരിച്ച് കമ്പനി 1 വർഷമാണ് വാറന്റി നല്കിയത്. ലാപ്ടോപ് നല്കിയ സ്ഥാപനം നല്കിയ 5 വർഷത്തെ വാറന്റിക്ക് ആധികാരികതയില്ലാത്തതിനാൽ അംഗീകരിക്കാനാവില്ല.

3.ഗുണഭോക്താക്കൾ ആരും കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. സ്ഥാപനമേധാവികളുടെ സാക്ഷ്യപത്രമാണ് സമർപ്പിച്ചത്.

മുകളിലെ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ആകെ ചെലവ് 386360/- രൂപയിൽ ഓഡിറ്റിൽ അംഗീകരിക്കാത്ത 148600/- രൂപ കഴിച്ച് 237760/- രൂപ തടസപ്പെടുത്തുന്നു.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് -മാർഗ്ഗരേഖ ലംഘിച്ചു

സബ്സിഡി മാർഗരേഖ ലംഘിച്ച് ലാപ്ടോപ്പ് വിതരണം ചെയ്തു. എച്ച്.എം നിർവഹിച്ച എസ്.സി ഡിഗ്രി/ പ്രോഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്(പ്രോജക്ട് 17/19) എന്ന പ്രോജക്ടിലാണ് മാർഗ്ഗരേഖാലംഘനം.

ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകാരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനുള്ള 17/19 നം. പ്രോജക്ടിനുകീഴിൽ ആകെ 13 ഗുണഭോക്താക്കൾക്ക് ലാപ് ടോപ് വിതരണം ചെയ്തിട്ടുണ്ട്. ഒന്നിന് 29720/- രൂപ പ്രകാരം ആകെ 386360/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. (ബിൽ നം. 1/24.12.2018)

2018-19 സാമ്പത്തിക വർഷത്തേക്ക് സർക്കാർ പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖ (സ.ഉ (സാധാ)22/2018/ തസ്വഭവ, 14.02.18) യിലെ ഖണ്ഡിക 7.2.8 ലെ നിർദേശങ്ങൾ പാലിച്ച് വേണം ഗ്രാമപഞ്ചായത്ത് ലാപ്ടോപ് നല്കേണ്ടത്. ഇതിന് വിരുദ്ധമായി 9 പേർക്ക് ലാപ്ടോപ് നല്കിയതായി നിർവ്വഹണോദ്യോഗസ്ഥനായ എച്ച് എം ഓഡിറ്റിന് ഹാജരാക്കിയ രേഖകളിൽ നിന്ന് വ്യക്തമാകുന്നു. വിവരങ്ങൾ താഴെ :

| ക്രമ നം. | ഗുണഭോക്താവ് | മാർഗരേഖ നിർദേശിച്ച അർഹത ലംഘിച്ചതിന്റെ വിവരം |
|---|---|---|
| 1 | ശ്രീലക്ഷ്മി.ജി | ചെങ്ങന്നൂർ ഐടിഐ ട്രെയിനി.ബിരുദ/ഡിപ്ലോമ പഠനമല്ല. |
| 2 | അഭിജിത് പി.എം | ലാപ് ടോപ് നല്കിയിട്ടില്ലെന്ന് ബ്ളോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല പഠനോപകരണം നല്കിയിട്ടില്ലെന്നാണ് സർട്ടിഫിക്കറ്റ്. ചെങ്ങന്നൂർ ഐടിഐ വിദ്യാർത്ഥി. ബിരുദ/ഡിപ്ലോമ പഠനമല്ല. |
| 3 | അനന്ദകുമാർ എൻ.എസ് | സ്വകാര്യ സ്ഥാപനമായ മാവേലിക്കര ഡേറ്റാടെകിന്റെ സാക്ഷ്യപത്രം. എന്ത് കോഴ്സ് എന്ന് വ്യക്തമല്ല. കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരം തെളിയിച്ചിട്ടില്ല. ബിരുദമോ ത്രിവത്സര ഡിപ്ളോമയോ എന്ന് വ്യക്തമല്ല. |
| 4 | ശ്രീജിത് പി.യു | കോഴ്സ് സർട്ടിഫിക്കറ്റില്ല. അക്ഷരതെറ്റ് നിറഞ്ഞ സാക്ഷ്യപത്രം ഒരു സർക്കാർ വിദ്യാഭ്യാസ സ്ഥാപനമേധാവിയുടേതാണെന്ന് കരുതാനാവില്ല. |
| 5 | ആതിര രാജപ്പൻ | സ്വകാര്യ സ്ഥാപനമായ എളമക്കരയിലെ അപ്പോളോ മെഡി സ്കിൽസിൽ 8 മാസത്തെ തീയറ്റർ ടെക്നിഷൻ കോഴ്സിന് പഠിക്കുന്നു. |

മാർഗരേഖയുടെ ലംഘനം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കാൻ മുകളിൽ ചേർത്ത സബ്സിഡി മാർഗരേഖ തന്നെ നിർദേശിച്ചിട്ടുണ്ട്. ഓഡിറ്റ് ആ നിർദേശം പാലിച്ച് മുകളിൽ ചേർത്ത 5 പേർക്ക് നല്കിയ ലാപ്ടോപ്പിന്റെ വില 148600/- രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി നിർണയിക്കുന്നു. നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | റിമാർക്സ് |
|---|---|---|---|
| 2018-19 | 06-06-2019 മുതൽ 07-06-2019 വരെ | കെ.എസ്.എ.-എ.എൽ.പി/ P7-712/2019/26-06-2019 | പ്രസ്തുത സാക്ഷ്യപത്രത്തിന്റെ അനുബന്ധമായി ചേർത്ത 2018-19 വാർഷിക കണക്കിലെ അപാകതകൾ ഓഡിറ്റ് സമയത്തും പരിഹരിക്കപ്പെടാതെ അപാകതകളായി അവശേഷിക്കുന്നു. |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 249600 | നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 249600 | 0 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2018-19 | 480000 | ടി | 480000 | 0 |
| ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 186900 | പുതിയ ഭവന നിർമ്മാണം (ലൈഫ് മിഷൻ) | 186900 | 0 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2018-19 | 105671 | ടി | 105671 | 0 |
| ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 170454 | പുതിയ ഭവന നിർമ്മാണം -എസ്.സി. (ലൈഫ് മിഷൻ) | | 170454 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2018-19 | 81983 | ടി | | 81983 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 57708 | 42292 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2018-19 | 250000 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 250000 | 0 |
| ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | പാലിന് ഇൻസെന്റീവ് | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2018-19 | 580000 | അങ്കണവാടി നിർമ്മാണം | | 580000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | U00000554405844/26-12-18(utr no.)<br>U00000563959380/04-01-19(utr no.)<br>U00000563959382/04-01-19(utr no.)<br>U00000531940960/26-11-18<br>(utr no.) | 645000 | 645000 | 0 |
| പി.ഡബ്ല്യ.ഡി, ഇലക്ട്രിക്കൽ | പഞ്ചായത്ത് ഓഫീസ് വയറിംഗ് | 180702000000015390/28-12-18(tr.no.)<br>180702000000011350/30-10-18(tr.no.) | 323000 | - | 323000 |
| പി.ഡബ്ല്യ.ഡി, ഇലക്ട്രിക്കൽ | മണ്ണാറത്തറ കമ്മ്യൂണിറ്റി ഹാൾ വയറിംഗ് | 180702520155008 47831/24-11-18(tr.no.) | 137000 | 115937 | 21063 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| വായ്പയുടെ പേര/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പതുക | ഉവർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (KURDFC) | എൻ.എഫ് 511/2018 തീ.02.01.2019 | 314687 | - | -0- | 314687 |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 200-03 | 2-1 | 2007-08 | 3.2.3.1 | ആസൂത്രണ രാഹിത്യം 34.2 ലക്ഷം നഷ്ടപ്പെടുത്തി | ലഭ്യമായിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 31798776 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 30928817 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 148600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 567760 |

**(ബി)<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-23 | | 148600 | ഗീത.പി., ഹെഡ്മിസ്ട്രസ് |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 237760 | ഗീത.പി. , ഹെഡ്മിസ്ട്രസ് |
| 1-14 | 30000 | അനശ്രീ, ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 1-17 | 300000 | ഡോ.രാധിക.ആർ.നായർ |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഗീത.പി.,ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ.ജെ.ബി.എച്ച്.എസ്., കീഴ്വന്മഴി | ഹിമഗിരി, കീഴ്ച്ചേരിമേൽ, ചെങ്ങന്നൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ് .ജി.എ5-1832 /11 dt.1-2-2012 |
| 1998-99 | എൽ.എഫ് .ജി.എ5-1832 /11 dt.1-2-2012 |
| 1999-2000 | എൽ.എഫ് .ജി.എ5-1832 /11 dt.1-2-2012 |
| 2002-03 (ചെലവ് ) | എൽ.എഫ് .ജി.എ5-1832 /11 dt.1-2-2012 |
| 2003-04 (ചെലവ് ) | എൽ.എഫ് .ജി.എ5-1832 /11 dt.1-2-2012 |
| 2004-05(ചെലവ് ) | എൽ.എഫ് .ജി.എ5-1832 /11 dt.1-2-2012 |
| 2005-06 | എൽ.എഫ് .ജി.എ5-1832 /11 dt.1-2-2012 |
| 2006-07 | എൽ.എഫ്.ജി.എ5-1577B/14 dt.4-5-2014 |
| 2007-08 | എൽ.എഫ്.ജി.എ5-1577B/14 dt.4-5-2014 |
| 2008-09<br>2009-2010<br>2010-2011 | എൽ.എഫ്.ജി.എ5-1577B/14 dt.4-5-2014 |
| 2011-2012<br>2012-2013 | എൽ.എഫ്.എ.പി 7-1250/14 dt 29-08-2014/14-11-2014 |
| 2013-2014 | എൽ.എഫ്.എ.പി 7-679 / 15 dt 16-07-2015/6-8-2015 |
| | |

| | |
|---|---|
| 2014-2015 | കെ.എസ്.എ-എ.എൽ.പി/പി 7/833/16 dt 29.7.16/3.8.16 |
| 2015-16 | കെ.എസ്.എ-എൽ.പി/പി7-48 /17 dt 21.01.17/7.2.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി 7-1254/17 dt 25.10.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി 7-149/19 dt 08.04.19 |

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

# <u>അനുബന്ധം-1</u>

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പാണ്ടനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

## അനുബന്ധം-2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |
| | | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ